പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2729      18.08.2017 ൽ മറുപടിയ്ക്ക്**

**<u>സാക്ഷരതാ പ്രേരകന്മാരുടെ ശമ്പളക്കുടിശ്ശിക</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സാക്ഷരതാ പ്രേരകന്മാരുടെ ശമ്പളം കുടിശ്ശികയായിയുണ്ടോ; എത്ര മാസത്തെ കുടിശ്ശികയാണ് അവർക്ക് നൽകുവാനുള്ളത്; | (എ)<br>&<br>(ബി) | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ ജില്ലകളിലെ വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന സാക്ഷരതാപ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നേരിട്ട് നല്കുകയും പിന്നീട് സാക്ഷരതാ മിഷൻ തിരികെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ച് വന്നിരുന്നത്. എന്നാൽ 07/01/2017 ലെ ജി.ഒ.(ആർ.റ്റി)നം. 27/ 2017/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും പ്രസ്തുത ഓണറേറിയം സാക്ഷരതാമിഷൻ നേരിട്ട് നല്കണമെന്ന സർക്കാർ നിർദ്ദേശ പ്രകാരം 2017 ഏപ്രിൽ മുതൽ പ്രേരക്മാരുടെ ഓണറേറിയം സാക്ഷരതാമിഷൻ നേരിട്ട് നല്കിവരുന്നു. ഓണറേറിയം നല്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഉണ്ടായിരുന്ന സർക്കാർ ഉത്തരവിന് (15/07/2016 ലെ സ.ഉ. (സാധാ) നം. 2128/2016/തസ്വഭവ) 2017 മാർച്ച് 31 വരെ കാലാവധിയുള്ളതിനാൽ അതുവരെയുള്ള ഓണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നല്കുകയുമാണ് ഉണ്ടായിട്ടുള്ളത്. സാക്ഷരതാമിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർമാർ നല്കിവരുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ മാസത്തെ ഓണറേറിയം എല്ലാ പ്രേരക്മാർക്കും നല്കി കഴിഞ്ഞു. 2017 മെയ് മാസത്തെ ഓണറേറിയം 9 ജില്ലകൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയ്ക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം ലഭിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന മാസങ്ങളിലെ ഓണറേറിയം അനുവദിക്കുന്നതാണ്. |
| (ബി) | സാക്ഷരതാ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന പ്രേരകന്മാരുടെ കുടിശ്ശിക ശമ്പളം അടിയന്തരമായി നൽകുമോ? | | |

സെക്ഷൻ ഓഫീസർ